(ബി) ഏതെല്ലാം റോഡുകൾക്കാണ് അനുമതി നൽകുവാനുള്ളത്;

(സി) ഇവയ്ക്ക് അനുമതി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻ വർഷങ്ങളിലെ ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന മൂന്നു റോഡുപണികൾക്ക് ഭരണാനുമതി നൽകുവാനുണ്ട്.

(ബി) (1) ഏണിക്കര–നെടുമ്പാറ–കല്ലയം റോഡ്.
(2) കാറമൂടു–നമ്പോടുപടി–മുഖത്തുനട റോഡ്.
(3) കെൽട്രോൺ–ആട്ടറവട്ടം–റോഡ്.

(സി) കാറമൂട്–നമ്പാട്ടുപടി–മുഖത്തുനട റോഡ് 1985–86-ലെ ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ അഭാവം മൂലം മറ്റു രണ്ടു റോഡുകൾ ഏറ്റെടുക്കുവാൻ നിവൃത്തിയില്ല.

വേങ്കോട്–മുക്കോല റോഡിന്റെ പണി

136 [343] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാടു വികസന ബ്ലോക്കിലെ കരകുളം പഞ്ചായത്തിൽ വേങ്കോടു–മുക്കോല റോഡിന്റെ മെറ്റൽ പണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അഴീക്കൽ ഫെറി റോഡ്

137 [344] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂമാഹി പഞ്ചായത്തിലെ അഴീക്കൽ ഫെറി റോഡ് ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അക്കാര്യത്തിൽ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) ഇല്ല.

വികലാംഗരായ എൽ.വി.ഇ.ഒ, വി.ഇ.ഒ. മാർ

138 [345] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സാമൂഹ്യവികസന വകുപ്പിൽ താൽക്കാലിക ജീവനക്കാരായി ജോലി നോക്കിവന്നിരുന്ന വികലാംഗരായ എൽ.വി.ഇ.ഒ., വി.ഇ.ഒ., എന്നിവരെ 1981-ലെ വികലാംഗ വർഷം പ്രമാണിച്ച് പിരിച്ചു വിടാതെ ജോലിയിൽ തുടരുവാൻ അനുവദിച്ച് ഉത്തരവ് നൽകിയിരുന്നുവോ;

(ബി) എങ്കിൽ എൽ.വി.ഇ.ഒ., വി.ഇ.ഒ., എന്നിവരിൽ എത്ര പേരെയാണ് തുടർന്ന് ജോലി ചെയ്യുവാൻ അനുവാദം നൽകിയിരുന്നത്;

(സി) ഇവരുടെ നിയമനം റഗുലറൈസ് ചെയ്തുകൊണ്ട് ഉത്തരവ് കൊടുത്തുകഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇവർക്ക് ട്രെയിനിംഗ് കൊടുത്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്രമാസക്കാലത്തെ ട്രെയിനിംഗാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി, സി) വികലാംഗരായ 15 എൽ.വി.ഇ.ഒ. മാരും 22 വി.ഇ.ഒ. മാരും താൽക്കാലികമായി ജോലിയിൽ തുടരുന്നുണ്ട്. ഇവരുടെ നിയമനം റഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II ശ്രദ്ധ ക്ഷണിക്കൽ

(1) ആര്യനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ.

9.30 A.M.] ശ്രീ. കെ.പങ്കജാക്ഷൻ: ബഹുമാനപ്പെട്ട സഹകരണവകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ മുട്ടിക്കരുതെന്ന ആഗ്രഹമുള്ളവനാണ് ഞാൻ. എങ്കിൽത്തന്നെയും വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ നിസ്സഹായാവസ്ഥ കണ്ടിട്ട് അദ്ദേഹത്തിന്റെ (മന്ത്രിയുടെ) അനുവാദം കിട്ടണമെന്ന അഭ്യർത്ഥനയുമായി ഞാൻ ഈ സഭയിൽ വന്നിരിക്കുകയാണ്. പേമാരിയെത്തുടർന്ന്, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട റോഡുകളും, പ്രത്യേകിച്ച് കാട്ടാക്കട ജംഗ്ഷൻ പോലെ അസാമാന്യമായ ജനത്തിരക്കുള്ള ജംഗ്ഷൻ, കാട്ടാക്കട–കള്ളിക്കാട് റോഡ്, നെടുമങ്ങാട്–ഷൊർലക്കോട് റോഡ് തുടങ്ങിയ വളരെ പ്രധാനപ്പെട്ട റോഡുകളെല്ലാം താറുമാറായി കിടക്കുകയാണ്. ചിലതിനൊക്കെ ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥൻമാർ പറയുന്നുണ്ട്. പക്ഷേ ആവശ്യമായ പണത്തിന്റെ കുറവുകൊണ്ട് പണി ഏറ്റെടുക്കാൻ കഴിയുന്നില്ല. ഈ പേമാരിയെത്തുടർന്ന് റോഡുകൾ കേടായത് ശ്രദ്ധയിൽ പെടുത്താൻ മാത്രമല്ല ഞാൻ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. വളരെക്കാലമായി സർക്കാർ ഏറ്റെടുത്ത ചില റോഡുകൾ എന്റെ നിയോജകമണ്ഡലത്തിലുണ്ട്. അതിലൊന്നാണ് തിരുവനന്തപുരം–പൊൻമുടി റോഡിനേയും നെടുമങ്ങാട്–ഷൊർലക്കോട് റോഡിനേയും ബന്ധിപ്പിക്കുന്ന കുളപ്പട–മന്നൂർക്കോണം റോഡ്. ആ റോഡിന്റെ പണി തുടങ്ങിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly